LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ മറ്റിതര പുനരധിവാസ പദ്ധതികളിൽനിന്നും ഭൂമിയും വിടും ലഭിച്ചവരായിരിക്കരുത്. ഗുണഭോക്താക്കൾ നിലവിലുള്ള കെട്ടിടം സ്വന്തം നിലയിൽ പൊളിച്ചുമാറ്റേണ്ടതും വസ്തു പരിത്യജിക്കേണ്ടതുമാണ്. എന്നാൽ 5 സെന്റിന് മുകളിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ടി സ്ഥലം കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ടി സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ അനുവദിക്കുന്നതല്ല.

(സി) ഈ പദ്ധതിയിൽ സ്ഥലം വാങ്ങുന്നതിന് മാർക്കറ്റ് വില അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

നിലവിൽ ഭൂമി വില നിശ്ചയിച്ചുനൽകുന്നതിനായി സമീപ പ്രദേശങ്ങളുടെ പ്രമാണം പരിശോധിക്കുകയും അതിൽ സമാന സ്വഭാവമുള്ള വസ്തുവിന്റെ വില ബേസിക്ക് വാല്യൂ ആയി കണക്കാക്കി സ്ഥലത്തിന്റെ ബേസിക്ക് വാല്യൂവിന്റെ നിശ്ചിത മൾട്ടിഫിക്കേഷൻ ഫാക്ടർകൊണ്ട് ഗുണിച്ച് പരമാവധി സൊളേഷൻകൂടി കൂട്ടി സ്റ്റാറ്റ്യൂട്ടറി വാല്യൂ കണ്ടെത്തി അങ്ങനെ കണക്കാക്കപ്പെടുന്ന സ്റ്റാറ്റ്യൂട്ടറി വിലയേക്കാൾ 100% വരെ വില നെഗോഷിയേറ്റ് ചെയ്ത് നിശ്ചയിക്കുന്ന തുക 6 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല. ആയത് നിശ്ചയിച്ച് നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഫിഷറീസ് ഓഫീസർ കൺവീനറും ബന്ധപ്പെട്ട തഹസിൽദാർ, ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അക്വിസിഷൻ) ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായ കമ്മിറ്റിക്കാണ്.

പുനർഗേഹം പദ്ധതി

206(712) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതി എപ്പോഴാണാവിഷ്കരിച്ചതെന്നും പ്രസ്തുത പദ്ധതിക്കാവശ്യമായ തുക എത്രയാണെന്നും എങ്ങനെയാണ് ഫണ്ട് കണ്ടെത്തുന്നതെന്നും വ്യക്തമാക്കാമോ?

26-12-2019-ലെ ഉത്തരവ് പ്രകാരമാണ് പുനർഗേഹം പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിയുടെ അടങ്കൽ തുക 2450 കോടി രൂപയാണ്. ഇതിൽ 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF)-ൽനിന്നും 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുതപദ്ധതി പ്രകാരം എത്ര മൽസ്യത്തൊഴിലാളികൾക്കാണ് വീട് നിർമ്മിച്ചുകൊടുക്കുന്നതെന്നും ഇതിനകം എത്രപേർക്ക് വീട് നിർമ്മിച്ച് നൽകിയെന്നും വ്യക്തമാക്കാമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി ഫിഷറീസ് വകുപ്പിന്റെ സർവ്വേ പ്രകാരം കണ്ടെത്തിയിരുന്നു. പിന്നീട് നടത്തിയ വിശദമായ സർവ്വേയുടെയും അപ്പീലുകളുടെയും അടിസ്ഥാനത്തിൽ 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരുടെ എണ്ണം 20931 ആയി റിവൈസ് ചെയ്തിട്ടുണ്ട്. കടലാക്രമണ ഭീഷണിയിൽ കഴിയുന്ന ഇത്തരത്തിലുള്ള മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്ന 2450 കോടി രൂപയുടെ ബൃഹദ് പദ്ധതിയാണ് പുനർഗേഹം. പദ്ധതി പ്രകാരം 10275 ഗുണഭോക്താക്കളുടെ ലിസ്റ്റ് 9 ജില്ലകളിലായി ജില്ലാകളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 2014 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 1528 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 261 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിലെ 9 കേന്ദ്രങ്ങളിലായി 1212 പേരെ പുനരധിവസിപ്പിക്കാൻ കഴിയുമാറ് ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

(സി) വീട് നിർമ്മിച്ചുനൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

50 മീറ്ററിനുള്ളിൽ സ്വന്തമായി വീടുണ്ടായിരിക്കണം. ഗുണഭോക്താവ് അവരുടെ ഭൂമി പരിത്യജിക്കേണ്ടതും പിൽക്കാലത്ത് പ്രസ്തുത സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്തുകയില്ല എന്ന് ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. തുടർച്ചയായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് മുൻഗണന ഉണ്ടായിരിക്കും.

(ഡി) കടൽതീരത്ത് താമസിക്കുന്ന മൽസ്യത്തൊഴിലാളികൾ കടലാക്രമണത്തിന് വിധേയരാകുമ്പോൾ അവരുടെ സുരക്ഷിതത്വമാണോ പുനർഗേഹം കൊണ്ടുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

കടൽതീരത്ത് താമസിക്കുന്ന മൽസ്യത്തൊഴിലാളികൾ കടലാക്രമണത്തിന് വിധേയരാകുമ്പോഴുള്ള സുരക്ഷിതത്വം മാത്രമല്ല പുനർഗേഹം കൊണ്ടുദ്ദേശിക്കുന്നത്. ചുവടെ പറയുന്ന ലക്ഷ്യം കൂടിയുണ്ട്. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുക. നിലവിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പുനരധിവാസ പദ്ധതികളുടെ പൂർത്തീകരണം തീരത്ത് ഒരു ഹരിത കവചമുൾപ്പെടെയുള്ള 'ബഫർസോൺ' ഒരുക്കുക.

(ഇ) എങ്കിൽ കടൽത്തീരത്തുനിന്ന് വളരെ ദൂരത്ത് താമസിക്കേണ്ടിവന്നാൽ അത് അവരുടെ ഉപജീവനമാർഗ്ഗത്തെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ മത്സ്യത്തൊഴിലാളികളുടെ സൗകര്യാർത്ഥം അവർ കണ്ടെത്തുന്ന ഭൂമിയിലാണ് പുനരധിവസിപ്പിക്കുന്നത്.

മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണം

207(713) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 വർഷത്തെ ബഡ്ജറ്റിൽ ഭവന നിർമ്മാണത്തിനായി മത്സ്യ തൊഴിലാളികൾക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

(ബി) ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും എത്ര വീടുകൾ നിർമ്മിച്ചുവെന്നും അറിയിക്കുമോ?

കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ എത്ര വീടുകൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2020-21 വർഷത്തെ ബഡ്ജറ്റിൽ ഭവന നിർമ്മാണത്തിനായി മത്സ്യത്തൊഴിലാളികൾക്ക് തുക വകയിരുത്തിയിരുന്നില്ല. അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതി വഴിയാണ് മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭവന പദ്ധതി നിലവിൽ നടപ്പാക്കിവരുന്നത്. കടലിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസ പദ്ധതിയാണ് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നത്.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

208(714) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ തീരദേശ മേഖലയിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്നും, പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly